(ബി) അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം ചിറ്റാർ (വി.സി.) റോഡിന്റെ വിവിധ അറ്റകുറ്റപ്പണികൾക്കായി 29.65 ലക്ഷം രൂപ ചെലവാക്കി.

(ഡി) അനുബന്ധം III ആയി ചേർക്കുന്നു.*

(ഇ) അനുബന്ധം IV ആയി ചേർക്കുന്നു.*

അങ്കമാലി ബൈപ്പാസ്

240 (4872) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റ് പ്രസംഗത്തിൽ 1000 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഇത് പ്രാവർത്തികമാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ;

(സി) അങ്കമാലി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്ക് കണക്കിലെടുത്ത് ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണം PPP മാതൃകയിൽ നടപ്പാക്കുന്നതിനുള്ള കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) ശക്തമായ കാലവർഷം കാരണം സർവ്വേ നടപടികൾ തടസ്സപ്പെട്ടതാണ് കാലതാമസത്തിനിടയാക്കിയത്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

നഗരറോഡു വികസനപദ്ധതി

241 (4873) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡു വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly